# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1552 10.02.2020-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

| ചോദ്യം<br><br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം തദ്ദേശ വികസന പദ്ധതികൾ ആകമാനം സ്തംഭനാവസ്ഥയിലായിരിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | തദ്ദേശ വികസന പദ്ധതികൾ ആകമാനം സ്തംഭനാവസ്ഥയിലായിരിക്കുന്ന സ്ഥിതിവിശേഷം നിലവിലില്ല. |
| (ബി) | 883 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ആയതിനാൽ കരാറുകാർ വർക്കുകൾ ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതും നിലവിലുള്ള വർക്കുകൾ നിർത്തിവക്കേണ്ടി വന്നിരിക്കുന്നതുമായ ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരമായി സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (ബി) | സാമ്പത്തിക ഞെരുക്കത്തെ തുടർന്ന് ട്രഷറി നിയന്ത്രണം സർക്കാർ മുമ്പും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നിയന്ത്രണത്തിൽ പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇളവ് വരുത്താറുണ്ട്. ട്രഷറി നിയന്ത്രണം നീക്കും വരെ കാത്തിരിക്കാൻ കഴിയാത്ത കോൺട്രാക്ടർമാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് നടത്തി പണം ലഭ്യമാക്കാനുള്ള സമ്പ്രദായവും ഏർപ്പെടുത്തി വരുന്നുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഗണ്യമായ കുറവ് വരുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഗണ്യമായ കുറവ് വരുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ